പദ്ധതി നടത്തിപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകൾ

88 [3476] ശ്രീ. ഷിബു ബേബിജോൺ:

,, കെ. ബി. ഗണേഷ്കുമാർ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ആദ്യത്തെ പത്ത് പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാം ജില്ലയിൽപ്പെട്ടവയാണ്;

(ബി) പദ്ധതി നടത്തിപ്പിൽ ഏറ്റവും മോശമായ പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിൽ അലംഭാവം കാട്ടുന്നത് അവസാനിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) 100% പദ്ധതി തുക ചെലവഴിച്ച ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച 248 ഗ്രാമപഞ്ചായത്തുകളുണ്ട്. എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള പഞ്ചായത്തുകളുണ്ട്.

(ബി) 50%-ത്തിൽ താഴെ മാത്രം പദ്ധതി തുക ചെലവഴിച്ച് മോശമായ പ്രകടനം കാഴ്ചവച്ച നാല് ഗ്രാമപഞ്ചായത്തുകളുണ്ട്. വാകത്താനം, വെച്ചൂർ, കല്ലറ, കരികുന്നം എന്നിവയാണ് പ്രസ്തുത പഞ്ചായത്തുകൾ.

(സി) ഓരോ സാമ്പത്തിക വർഷവും പദ്ധതികളുടെ രൂപീകരണത്തിന് വിവിധ ഘട്ടങ്ങളും ആ ഓരോ ഘട്ടങ്ങളും പൂർത്തിയാക്കുന്നതിന് കൃത്യമായ തീയതികളും നിഷ്ക്കർഷിച്ചുകൊണ്ട് ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതു പാലിക്കുവാൻ എല്ലാ പഞ്ചായത്തുകളും ബാദ്ധ്യസ്ഥരാണ്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എ. ഡി. സി. (ജനറൽ) എന്നിവർ മാസംതോറും പദ്ധതികളുടെ രൂപീകരണത്തിന്റേയും നിർവ്വഹണത്തിന്റേയും പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന തലത്തിൽ വകുപ്പു മന്ത്രിയും തദ്ദേശ സ്വയംഭരണം ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും പദ്ധതി അവലോകനം നടത്തുന്നുണ്ട്. വീഴ്ച വരുത്തുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly